LIBRARY ARCHIVES Kerala Legislative Assembly

പ്രൊട്ടക്ടഡ് അദ്ധ്യാപകർ

108 (1163) ശ്രീ. കെ. വി. അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്ടഡ് അദ്ധ്യാപകരായി ഹൈസ്കൂൾ തലംവരെ എത്ര പേരുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്ലസ്ടു തലത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഉണ്ടോ; വിദ്യാർത്ഥികൾ കുറഞ്ഞതുമൂലം ജോലി ഇല്ലാതായ അദ്ധ്യാപകർ എത്ര; അതിൽ എത്രപേർക്ക് പ്രൊട്ടക്ഷൻ നൽകുകയുണ്ടായിട്ടുണ്ട് ; പ്രൊട്ടക്ഷൻ ആവശ്യപ്പെട്ടവർ എത്രയാണ് ;

(സി) ഹൈസ്കൂൾ തലംവരെ സംരക്ഷിത അദ്ധ്യാപകർക്കായി പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ട് ; 2013 അദ്ധ്യയനവർഷത്തിൽ ചെലവായതെത്രയാണ്; 2014-ൽ പ്രതീക്ഷിക്കുന്ന ചെലവെത്രയാണ്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സ്കൂളുകളും വിദ്യാർത്ഥികളും അദ്ധ്യാപകരും

109 (1164) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യായന വർഷത്തിലെ കണക്കുകൾ പ്രകാരം പത്താംക്ലാസ് വരെയുള്ള ആകെ സ്കൂളുകൾ എത്ര; അവയിൽ എയ്ഡഡ് മേഖലയിലുള്ളവ എത്ര ; സർക്കാർ മേഖലയിലുള്ളവ എത്ര ; വിശദമാക്കാമോ ;

(ബി) സർക്കാർ/എയ്ഡഡ് മേഖലകളിൽ ഉള്ള സ്കൂളുകളിൽ ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള ഓരോ ക്ലാസുകളിലെയും ആകെ വിദ്യാർത്ഥികൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) പത്താം ക്ലാസ് വരെയുള്ള ക്ലാസുകളിൽ പഠിപ്പിക്കുന്ന ആകെ അദ്ധ്യാപകർ എത്ര ; അതിൽ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഇരുപതിൽ താഴെ വിദ്യാർത്ഥികളുള്ള സ്കൂളുകൾ എത്ര ; സർക്കാർ സ്കൂളുകൾ എത്ര ; എയ്ഡഡ് സ്കൂളുകൾ എത്ര ; ഈ സ്കൂളുകളിലെ അദ്ധ്യാപകർ എത്ര ; വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് ആകെ എത്ര പ്രൊട്ടക്ടഡ് അധ്യാപകർ ഉണ്ട് ; വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ കണക്കുകൾ പ്രകാരം സർക്കാർ, എയ്ഡഡ്/ അൺ എയ്ഡഡ് മേഖല ഉൾപ്പെടെ പത്താം ക്ലാസ്സ് വരെയുള്ള 12,615 സ്കൂളുകൾ ഉണ്ട്.

സർക്കാർ മേഖലയിൽ	-	4619
എയ്ഡഡ് മേഖലയിൽ	-	7145

(ബി) സർക്കാർ/എയ്ഡഡ് മേഖലകളിലെ കുട്ടികളുടെ എണ്ണം (പ്രൊവിഷണൽ) സ്റ്റാൻഡേർഡ് തിരിച്ച് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്കൂളുകളിലെ ബാലാവകാശ ലംഘനങ്ങൾ

110 (1165) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകളിൽ വലിയ തോതിലുള്ള ബാലാവകാശ ലംഘനങ്ങൾ നടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

ഉത്തരം

(എ&ബി) ഉണ്ട്. RTE Act പ്രകാരവും ബാലാവകാശം സംബന്ധിച്ചുള്ള നിയമങ്ങൾ പ്രകാരവുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും വിദ്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹൈസ്കൂളുകളിലെ മലയാളം അദ്ധ്യാപകർ

111 (1166) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂളുകളിൽ മലയാളം അദ്ധ്യാപകരുടെ എത്ര ഒഴിവുകളുണ്ട് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) എച്ച്.എസ്.എ. മലയാളം തസ്തികയുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എപ്പോഴാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly